ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 27.10.2025**

## പ്രധാനവാർത്തകൾ

1. തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണം രണ്ടാം ഘട്ടത്തിൽ 12 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നടത്തുമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ, പരിഷ്ക്കരണം നടക്കുന്ന ഇടങ്ങളിലെ വോട്ടർ പട്ടിക ഇന്ന് അർധരാത്രിയിൽ മരവിപ്പിക്കും.
2. ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുകളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത എഫ് ഐ ആർ വിശദാംശങ്ങൾ ആവശ്യപ്പെട്ട് സുപ്രീം കോടതി സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നോട്ടീസ് അയച്ചു.
3. ആരോഗ്യ വകുപ്പിന് കീഴിൽ കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പിലാക്കുന്നതിന് 3,400 കോടിയോളം രൂപയുടെ അന്തിമാനുമതി നൽകി ലോക ബാങ്ക്.
4. ജനങ്ങളുടെ ജീവിതത്തിന്റെ സമസ്ത മേഖലയിലും കരുതലാകുന്ന പദ്ധതികളാണ് നരേന്ദ്ര മോദി സർക്കാർ രാജ്യത്ത് നടപ്പിലാക്കുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ
5. 67-ാമത് സംസ്ഥാന സ്കൂൾ കായികമേളയിൽ കിരീടമുറപ്പിച്ച് തിരുവനന്തപുരം ജില്ല, മേളയ്ക്ക് നാളെ സമാപിക്കും.

RNU TVPM

## ഉപരാഷ്ട്രപതി

ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ നാളെ മുതൽ ഈ മാസം 30 വരെ തമിഴ്നാട് സന്ദർശനം നടത്തും . സന്ദർശന വേളയിൽ, കോയമ്പത്തൂർ, തിരുപ്പൂർ, മധുര, രാമനാഥപുരം എന്നിവിടങ്ങളിൽ നടക്കുന്ന വിവിധ പരിപാടികളിൽ ഉപരാഷ്ട്രപതി പങ്കെടുക്കും. ഇന്ന് സീഷെൽസ് ഔദ്യോഗിക സന്ദർശനം പൂർത്തിയാക്കുന്ന ഉപരാഷ്ട്രപതി നാളെ കോയമ്പത്തൂരിൽ എത്തും.

☸☸☸☸☸☸☸☸☸☸☸

## തീവ്ര വോട്ടർ പട്ടിക പരിഷ്കരണം

തീവ്ര വോട്ടർ പട്ടിക പരിഷ്കരണം രണ്ടാം ഘട്ടത്തിൽ 12 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നടത്തുമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടർ പട്ടിക കൂടുതൽ സുതാര്യവും തെറ്റില്ലാത്തതുമാക്കുക എന്നതാണ് ഈ പരിഷ്കരണത്തിന്റെ ലക്ഷ്യമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. പരിഷ്ക്കരണം നടത്തുന്ന 12 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഇന്ന് അർദ്ധരാത്രിയിൽ വോട്ടർ പട്ടിക മരവിപ്പിക്കും. പിന്നീട്, എല്ലാ വിശദാംശങ്ങളും ഉൾക്കൊള്ളുന്ന സവിശേഷ എണ്ണൽ ഫോമുകൾ വോട്ടർമാർക്ക് നൽകും. അർഹതയുള്ള എല്ലാ വോട്ടർമാരെയും പട്ടികയിൽ ഉൾപ്പെടുത്തുകയും യോഗ്യതയില്ലാത്തവരെ നീക്കം ചെയ്യുകയും ചെയ്യുക എന്നതാണ് എസ്ഐആറിന്റെ പ്രാഥമിക ലക്ഷ്യം. ബീഹാറിൽ നടന്ന ആദ്യ ഘട്ടം സീറോഅപ്പീലുകളോടെ പൂർത്തിയാക്കിയതായും, രണ്ടാം ഘട്ടത്തിൽ, SIR ഘട്ടം ഘട്ടമായി നടത്തുമെന്നും അദ്ദേഹം അറിയിച്ചു.

PRU TVPM

☸☸☸☸☸☸☸☸☸☸☸

## ഡിജിറ്റൽ അറസ്റ്റ്

ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുമായി ബന്ധപ്പെട്ടു രജിസ്റ്റർ ചെയ്ത FIR വിവരങ്ങൾ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടു സംസ്ഥാനങ്ങൾക്കും, കേന്ദ്രഭരണപ്രദേശങ്ങൾക്കും സുപ്രീം കോടതി

നോട്ടീസ് അയച്ചു.ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പിലൂടെ രാജ്യത്തെ ജനങ്ങൾക്ക് ലക്ഷക്കണക്കിന് രൂപ നഷ്ടപ്പെടുന്നതായി നിരീക്ഷിച്ച പരമോന്നത കോടതി, ഇതുസംബന്ധിച്ച എല്ലാ കേസുകളും സിബിഐ യ്ക്ക് കൈമാറുന്നത് പരിഗണിക്കണമെന്നും ആവശ്യപ്പെട്ടു.

☸☸☸☸☸☸☸☸☸☸☸

ജോർജ്ജ് കുര്യൻ

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദീർഘവീക്ഷണത്തോടെയുള്ള കാഴ്ച്ചപ്പാടും ഭരണനൈപുണ്യവും 2047 ൽ ഇന്ത്യയെ ഒരു വികസിത രാജ്യമാക്കി മാറ്റുമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ പറഞ്ഞു. പാലക്കാട് നഗരസഭയുടെ വിവിധ വികസന പദ്ധതികൾ ഉത്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജനങ്ങളുടെ ജീവിതത്തിന്റെ സമസ്ത മേഖലയിലും കരുതലാകുന്ന പദ്ധതികളാണ് നരേന്ദ്ര മോദി സർക്കാർ രാജ്യത്ത് നടപ്പിലാക്കുന്നതെന്നും ശ്രീ ജോർജ്ജ് കുര്യൻ പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸

ജോർജ്ജ്കുര്യൻ -കേരള കേന്ദ്ര സർവകലാശാല

കേരള കേന്ദ്ര സർവകലാശാലയിൽ പുതിയ അക്കാദമിക് ബ്ലോക്കിന് കേന്ദ്ര മന്ത്രി ശ്രീ ജോർജ്ജ് കുര്യൻ വ്യാഴാഴ്ച തറക്കല്ലിടും. കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയം പ്രധാന മന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിൽ ഉൾപ്പെടുത്തി 52.68 കോടി രൂപയാണ് പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മാണത്തിന് അനുവദിച്ചത്. പെരിയ ക്യാമ്പസിൽ നടക്കുന്ന പരിപാടിയിൽ വൈസ് ചാൻസലർ . സിദ്ദു പി. അൽഗുർ അധ്യക്ഷത വഹിക്കും.

☸☸☸☸☸☸☸☸☸☸☸

കണ്ണൂർ (ഇൻട്രോ)

കണ്ണൂർ കൊട്ടിയൂർ ഗ്രാമപഞ്ചായത്തിലെ പണിയ മേഖലയിലെ കുടുംബങ്ങളെ കേന്ദ്രീകരിച്ച് മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനുള്ള വിവരശേഖരണം ആരംഭിച്ചു. ഓരോ കുടുംബങ്ങളുടെയും അവസ്ഥ വിശകലനം ചെയ്ത് അവർക്ക് അനുയോജ്യമായ പ്ലാൻ തയ്യാറാക്കുന്നതാണ് പദ്ധതി. **വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**

**(ഹോൾഡ് വോയ്സ്)**

RNU TVPM

☸☸☸☸☸☸☸☸☸☸☸

## ലോക ബാങ്ക്

ലോക ബാങ്ക് സഹായത്തോടെ ആരോഗ്യ വകുപ്പിന് കീഴിൽ കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പിലാക്കുന്നതിന് 3,400 കോടിയോളം രൂപയുടെ അന്തിമാനുമതി ലോക ബാങ്ക് നൽകി. ആരോഗ്യ മേഖലയിൽ വലിയ വികസനമാണ് ഇതിലൂടെ സാധ്യമാകുന്നതെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് പറഞ്ഞു. പദ്ധതി തുകയുടെ 70 ശതമാനമായ 2400 കോടി രൂപ ലോക ബാങ്കും ബാക്കി സംസ്ഥാനവുമാണ് വഹിക്കുന്നത്. പദ്ധതിക്കായി കേരളം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. തുടർന്നാണ് ലോക ബാങ്കിന്റെ ജനറൽ ബോഡി പദ്ധതിക്ക് അന്തിമ അംഗീകാരം നൽകിയത്.

☸☸☸☸☸☸☸☸☸☸☸

## റൺ ഫോർ യൂണിറ്റി

സർദാർ വല്ലഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് ഈ മാസം 31-ന് രാജ്യമെമ്പാടും റൺ ഫോർ യൂണിറ്റി സംഘടിപ്പിക്കും. സർദാർ വല്ലഭായ് പട്ടേലിനെയും അദ്ദേഹത്തിന്റെ ഏകീകൃത ഇന്ത്യയെക്കുറിച്ചുള്ള കാഴ്ചപ്പാടിനെയും ആദരിക്കുന്നതിന്റെ ഭാഗമായി റൺ ഫോർ യൂണിറ്റിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹ മാധ്യമത്തിലൂടെ ജനങ്ങളോട് അഭ്യർത്ഥിച്ചു.

RNI TVPM

☸☸☸☸☸☸☸☸☸☸☸

## ഇൻഫൻട്രി ദിനം

രാജ്യസേവനത്തിൽ പരമമായ ത്യാഗം ചെയ്ത ധീര സൈനികരെ ആദരിക്കുന്നതിനായി പാങ്ങോട് യുദ്ധ സ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചുകൊണ്ട് പാങ്ങോട് സൈനിക കേന്ദ്രം ഇൻഫൻട്രി ദിനം ആഘോഷിച്ചു.പാങ്ങോട് സൈനിക കേന്ദ്ര കമാൻഡർ ബ്രിഗേഡിയർ അനുരാഗ് ഉപാധ്യായയും വിരമിച്ച സൈനികരും യുദ്ധസ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചു. .

☸☸☸☸☸☸☸☸☸☸☸

## നാവിക സേനാ ദിനാഘോഷങ്ങൾ (ഇൻട്രോ)

നാവിക ദിനത്തോട് അനുബന്ധിച്ച് ഡിസംബർ നാലിനു തിരുവനന്തപുരത്ത് വിസ്മയക്കാഴ്ചകളൊരുക്കും. പ്രധാന നാവിക കേന്ദ്രങ്ങൾക്കു പുറത്ത് നാവിക ദിന പരിപാടികൾ സംഘടിപ്പിക്കാനുള്ള ശ്രമത്തിന്റെ തുടർച്ചയായാണ് തിരുവനന്തപുരത്ത് നാവികസേനാ പ്രകടനം നടത്തുന്നതെന്ന് കേരളത്തിലെ നേവൽ ഓഫിസർ ഇൻ ചാർജ് കമ്മഡോർ വർഗീസ് മാത്യു അറിയിച്ചു. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..

**(ഹോൾഡ് വോയ്സ്)**

❁❁❁❁❁❁❁❁❁❁❁

## സ്കൂൾ കായികമേള

67 ആമത് സംസ്ഥാന സ്കൂൾ കായികമേളയിൽ കിരീടമുറപ്പിച്ച് തിരുവനന്തപുരം ജില്ല.ഭൂരിഭാഗം മത്സരങ്ങളും പൂർത്തിയായപ്പോൾ 1779 പോയിന്റുമായാണ് ആതിഥേയർ ഒന്നാം സ്ഥാനത്ത് തുടരുന്നത്. 199 സ്വർണ്ണം 141 വെള്ളി 166 വെങ്കലം എന്നിവ നേടിക്കൊണ്ട് മറ്റു ജില്ലകളെ ബഹുദൂരം പിന്നിലാക്കി കൊണ്ടാണ് മേളയിൽ തലസ്ഥാന ജില്ലയുടെ മുന്നേറ്റം.എന്നാൽ രണ്ടും മൂന്നും സ്ഥാനത്തിനായി തൃശൂരും കണ്ണൂരും പാലക്കാടും തമ്മിൽ ഇഞ്ചോടിഞ്ച് പോരാട്ടമാണ് നടക്കുന്നത്.അതേ സമയം അത്ലറ്റിക്സിൽ പാലക്കാടിനെ മറി കടന്ന് മലപ്പുറം ഒന്നാം സ്ഥാനം സ്വന്തമാക്കി കുതിക്കുകയാണ്.8 ദിവസം നീണ്ട കായികമേളയ്ക്ക് നാളെ സമാപനമാകും.വൈകുന്നേരം 4 മണിക്ക് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങ് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യും.ചടങ്ങിൽ മുഖ്യമന്ത്രിയുടെ പേരിലുള്ള സ്വർണ്ണക്കപ്പ് ഓവറോൾ ചാമ്പ്യൻമാരാകുന്ന ജില്ലയ്ക്ക് സമ്മാനിക്കും.

PIU TVPM

❁❁❁❁❁❁❁❁❁❁❁

## PMMSY വനാമി ചെമ്മീൻ കൃഷി (ഇൻട്രോ)

പ്രാദേശിക സാധ്യതകൾ പ്രയോജനപ്പെടുത്തി മത്സ്യോത്പാദനരംഗത്ത് കുതിച്ചുചാട്ടത്തിന് കളമൊരുക്കുകയാണ് പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന.

കൊല്ലത്ത് PMMSY സ്കീം പ്രയോജനപ്പെടുത്തി ബയോഫ്ളോക് പോണ്ട് രീതിയിൽ ചെയ്ത വനാമി ചെമ്മീൻകൃഷി വൻവിജയമായി. വിളവെടുപ്പ് ഉദ്ഘാടനം ഇന്ന് നടന്നു.
വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.....
**(ഹോൾഡ് വോയ്സ്)**

❁❁❁❁❁❁❁❁❁❁❁

## വിജിലൻസ് ബോധവൽക്കരണ വാരം

വിജിലൻസ് ബോധവൽക്കരണ വാരത്തോടനുബന്ധിച്ച് നാളെ രാവിലെ 10 മണിക്ക് ആകാശവാണി തിരുവനന്തപുരം നിലയം, തിരുവനന്തപുരം റീജിയണൽ പാസ്പോർട്ട് ഓഫീസിൻറെ സഹകരണത്തോടെ കോളേജ് വിദ്യാർത്ഥികൾക്കായി പ്രസംഗം, പ്രബന്ധം, റീൽസ് എന്നീ ഇനങ്ങളിൽ മത്സരങ്ങൾ നടത്തും. തിരുവനന്തപുരം, കൊല്ലം, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ വിദ്യാർത്ഥികൾക്കായാണ് മത്സരം.

❁❁❁❁❁❁❁❁❁❁❁

## മഴ - മോൻതാ ചുഴലിക്കാറ്റ്

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടുക്കി, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും മറ്റ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയുമാണ് . കേരള-ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെയും, കർണാടക തീരത്ത് വ്യാഴാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.ബംഗാൾ ഉൾക്കടലിൽ 'മോൻതാ' ചുഴലിക്കാറ്റ് രൂപപ്പെട്ടു. വടക്കുപടിഞ്ഞാറ് ദിശയിൽ നീങ്ങുന്ന ചുഴലിക്കാറ്റ് , നാളെ രാവിലെയോടെ തീവ്ര ചുഴലിക്കാറ്റായി ആന്ധ്രാ തീരത്ത് മണിക്കൂറിൽ പരമാവധി 110 കിലോമീറ്റർ വരെ വേഗതയിൽ കാക്കിനടക്കു സമീപം കരയിൽ തൊടാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണകേന്ദ്രം അറിയിച്ചു .

❁❁❁❁❁❁❁❁❁❁❁

RNU TVPM

## വിഴിഞ്ഞം തുറമുഖം

ഇന്ത്യയിലെ ആദ്യത്തെ ഷിപ്പ് ടു ഷിപ്പ് L N G ബങ്കറിംഗ് യൂണിറ്റ് വിഴിഞ്ഞം തുറമുഖത്ത് ഉടൻ യാഥാർഥ്യമാകും.ഇന്ത്യ മാരിടൈം വീക്കിന്റെ ഭാഗമായി അദാനി വിഴിഞ്ഞം പ്രൈവറ്റ് പോർട്ട് ലിമിറ്റഡ്, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡുമായി പദ്ധതിയുടെ ധാരണാപത്രം ഒപ്പിട്ടു. പദ്ധതി നടപ്പാകുന്നതോടെ അന്താരാഷ്ട്ര സർവീസ് നടത്തുന്ന കപ്പലുകൾക്ക് L N G ഇന്ധനം നിറയ്ക്കുന്നതിനുള്ള പ്രധാന കേന്ദ്രമായി വിഴിഞ്ഞം തുറമുഖം മാറും.

RNU TVPM